**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1642** **02-02-2024 - ൽ മറുപടിയ്ക്ക്**

**കൂൺ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഡി കെ മുരളി** | | **ശ്രീ. പി. പ്രസാദ് (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കൃഷി വകുപ്പ് മുഖേന 'കൂൺ ഗ്രാമം' പദ്ധതിക്കു വേണ്ടി തെരഞ്ഞെടുത്ത തിരുവനന്തപുരം ജില്ലയിലെ പഞ്ചായത്തുകൾ ഏതെല്ലാമാണെന്നും അതിനുവേണ്ടി അനുവദിച്ച തുക എത്രയെന്നും വിശദമാക്കാമോ; | (എ) | 2022-23 ലെ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയുടെ ധനസഹായത്തോടെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ - കേരള മുഖേനയാണ് കൂൺ ഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട്, വാമനപുരം എന്നീ കാർഷിക ബ്ലോക്കുകളാണ് കൂൺ ഗ്രാമം പദ്ധതിക്കുവേണ്ടി തെരഞ്ഞെടുത്തിട്ടുള്ളത്. ഒരു കൂൺ ഗ്രാമത്തിൽ 30.25 ലക്ഷം രൂപയുടെ ധനസഹായമാണ് കൃഷിവകുപ്പ് നൽകുന്നത്. പദ്ധതി പുരോഗമിക്കുന്ന മുറയ്ക്ക് തുക അനുവദിക്കുന്നതാണ്. |
| (ബി) | ഏതെല്ലാം പ്രവർത്തനങ്ങളാണ് 'കൂൺ ഗ്രാമം' പദ്ധതി പ്രകാരം വിഭാവനം ചെയ്തിട്ടുള്ളത്; വിശദമാക്കാമോ; | (ബി) | കൂൺ ഗ്രാമം പദ്ധതിയിൽ 100 കൂൺ ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഒരു കൂൺ ഗ്രാമത്തിൽ നൂറ് ചെറുകിട കൂൺ ഉത്പാദന യൂണിറ്റുകൾ, രണ്ടു വൻകിട കൂൺ ഉത്പാദന യൂണിറ്റുകൾ, ഒരു സ്പോൺ ഉത്പാദന യൂണിറ്റ്, പത്തു കമ്പോസ്റ്റ് യൂണിറ്റുകൾ, രണ്ടു പാക്ക് ഹൗസുകൾ, മൂന്നു സംസ്കരണ യൂണിറ്റുകൾ, നൂറ് പേർക്ക് പരിശീലനം എന്നിവയാണ് വിവിധ ഘടകങ്ങൾ. |

| നമ്പർ | ഘടകം | യൂണിറ്റുകളുടെ എണ്ണം | പദ്ധതി ചെലവ് (ലക്ഷത്തിൽ | ധനസഹായം (ലക്ഷത്തിൽ |
|---|---|---|---|---|
| 1 | ചെറുകിട കൂൺ ഉത്പാദന യൂണിറ്റുകൾ (40% സബ്സിഡി @ 11250 രൂപ) | 100 | 28.1250 | 11.25 |
| 2 | വൻകിട കൂൺ ഉത്പാദന യൂണിറ്റുകൾ (40% സബ്സിഡി @ 2,00,000 രൂപ) | 2 | 10.00 | 4.00 |
| 3 | സ്പോൺ ഉത്പാദന യൂണിറ്റ്(40% സബ്സിഡി @ 2,00,000 രൂപ) | 1 | 5.00 | 2.00 |
| 4 | കമ്പോസ്റ്റ് യൂണിറ്റുകൾ (50% സബ്സിഡി @ 50,000 രൂപ) | 10 | 10.00 | 5.00 |
| 5 | പാക്ക് ഹൌസുകൾ (50% സബ്സിഡി @ 2,00,000 രൂപ) | 2 | 8.00 | 4.00 |

| | | | | |
|---|---|---|---|---|
| 6 | സംസ്കരണ യൂണിറ്റുകൾ (50% സബ്സിഡി @ 1,00,000 രൂപ) | 3 | 6.00 | 3.00 |
| 7 | പരിശീലനം (പങ്കെടുക്കുന്നവരുടെ എണ്ണം) | 100 | 1.00 | 1.00 |
| | **ആകെ** | | **68.125** | **30.25** |

| | | | |
|---|---|---|---|
| (സി) | വാമനപുരം മണ്ഡലത്തിലെ നന്ദിയോട് പഞ്ചായത്തിൽ നടന്നു വരുന്ന 'ക്ലൺ ഗ്രാമം' പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (സി) | വാമനപുരം മണ്ഡലത്തിലെ നന്ദിയോട് പഞ്ചായത്തിൽ ക്ലൺ ഗ്രാമം പദ്ധതിയിലേക്കുള്ള ഗുണഭോക്താക്കളെ പട്ടികജാതി പട്ടികവർഗ വികസന വകുപ്പ് മുഖേന കണ്ടെത്തിയിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് സ്ഥല പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. ഇത് കൂടാതെ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തന മാർഗരേഖ, പരിശീലന മാന്വൽ എന്നിവയും തയ്യാറാക്കിയിട്ടുണ്ട്. |
| (ഡി) | മറ്റേതെങ്കിലും വകുപ്പുകൾ ഈ പദ്ധതിക്ക് ധനസഹായം നൽകുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്. പട്ടികജാതി പട്ടികവർഗ വികസന വകുപ്പുമായി സഹകരിച്ച് ക്ലൺ ഗ്രാമം പദ്ധതി നടപ്പിലാക്കുന്ന ബ്ലോക്കിൽ പ്രസ്തുത വകുപ്പിന്റെ അധിക ധനസഹായം നൽകുന്നുണ്ട്.<br><br>പട്ടികവർഗ വിഭാഗത്തിനായി അനുവദിച്ചിട്ടുള്ള ഒരു ക്ലൺ ഗ്രാമത്തിന് ധനസഹായമായി 30.25 ലക്ഷം രൂപ കൃഷി വകുപ്പും ശേഷിച്ച പദ്ധതി തുകയായ 37.875 ലക്ഷം രൂപ പട്ടികജാതി പട്ടികവർഗ വികസന വകുപ്പ് ടോപ്പപ്പ് സബ്സിഡിയായി നൽകുന്നു. ഇതിലൂടെ 100% ധനസഹായം ലഭ്യമാക്കുന്ന രീതിയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ